## പതിനാലാം കേരള നിയമസഭ

**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*69**

01.03.2017- മറുപടിയ്ക്ക്

## പാരമ്പര്യത്തേയും സംസ്കൃതിയേയും വർഗ്ഗീയവൽക്കരിക്കൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി<br>ശ്രീ.എ. പ്രദീപ്കുമാർ,<br>പ്രൊഫ. കെ.യു. അരുണൻ: | **ശ്രീ.എ.കെ.ബാലൻ**<br>**പട്ടിക ജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി** |
| എ) പാരമ്പര്യത്തേയും സംസ്കൃതിയേയും വർഗ്ഗീയവൽക്കരിക്കുന്നത് തടയാൻ സാംസ്കാരിക രംഗത്ത് നടത്തുന്ന ഇടപെടലിനെക്കുറിച്ച് വിശദമാക്കുമോ;<br><br>ബി) സാംസ്കാരിക വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ സാംസ്കാരിക നവോത്ഥാനത്തിന് സഹായകരമായ രീതിയിൽ ഉയർന്ന് പ്രവർത്തിക്കാനായി പരിപാടികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) & ബി) പാരമ്പര്യത്തേയും സംസ്കൃതിയേയും വർഗ്ഗീയവത്കരിക്കുന്നതിനുള്ള ഒറ്റപ്പെട്ട ചില ശ്രമങ്ങൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. ഇത് തടയാൻ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളും ഇടപെടത്തക്ക രീതിയിൽ സാംസ്കാരിക സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. മതേതര സംസ്കാരം അനുവർത്തിച്ചു പോരുന്ന നമ്മുടെ സമൂഹത്തെ അതിന്റെ അർത്ഥവ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിലും വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്നതിനും സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ മുന്നോട്ട് കൊണ്ടു പോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. സാംസ്കാരിക മേഖലയെ വർഗ്ഗീയവല്ക്കരിക്കുന്നത് തടയുന്നതിനും ജനാധിപത്യ ക്രമത്തിന് അനിവാര്യമായ സാമുദായിക സാമൂഹ്യ അഭേദം പരിപോഷിപ്പിക്കുന്നതിനും, മാനവികതയ്ക്കും നവോത്ഥാന മൂല്യങ്ങൾക്കു |

മെതിരേ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണം പ്രതിരോധിക്കാൻ സാംസ്കാരിക സ്ഥാപനങ്ങൾ മുൻകൈ യെടുത്ത് പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. അതിന്റെ ആദ്യ പടിയാണ് നമുക്ക് ജാതിയോ മതമോ ഇല്ല എന്ന പ്രഖ്യാതമായ ശ്രീനാരായണ ഗുരുവിളംബര ത്തിന്റെ 100-ാം വാർഷികം വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആഘോഷിക്കാൻ സർക്കാർ മുൻകൈ യെടുത്തത്. ഈ പരിപാടി സംസ്ഥാന മൊട്ടാകെ 6000 ത്തോളം സ്ഥലങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്.

സാംസ്കാരിക നവോത്ഥാനത്തിന് ഉതകുന്ന ഇത്തരം പരിപാടികൾ തുടർന്നും സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി കേരള ലളിതകലാ അക്കാദമിയുടെ നേതൃത്വത്തിൽ 2017 മാർച്ച് 20 മുതൽ 29 വരെ തൃശ്ശൂരിൽ 'പന്തിഭോജനം' കലാക്യാമ്പും പന്തി ഭോജനവും സംഘടിപ്പിക്കുവാൻ തീരുമാനിച്ചി ട്ടുണ്ട്. നമ്മുടെ സാംസ്കാരിക നവോത്ഥാന നായകന്മാരെക്കുറിച്ചുള്ള പ്രഭാഷണ പരമ്പര, ചിത്രകലാ ക്യാമ്പ് എന്നിവയിലൂടെ മഹത്തായ ആശയങ്ങളുടെ വിചിന്തനവും ആവിഷ്കാരവും ഉദ്ദേശിക്കുന്നതിനു പുറമെ നാനാതുറകളിലുള്ള ആളുകളെ മത ജാതി പരിഗണന കൂടാതെ പങ്കെടുപ്പിച്ചുകൊണ്ട് പന്തിഭോജനം നടത്താൻ ഉദ്ദേശിക്കുന്നു. ഈ നിലയിൽ സാംസ്കാരിക നവോത്ഥാനത്തിന് സഹായകരമായ സന്ദേശം നൽകുന്ന വിധത്തിലായിരിക്കും 'പന്തിഭോജനം' സംഘടിപ്പിക്കുന്നത്.

നവോത്ഥാന മൂല്യങ്ങളുടെ വീണ്ടെടുപ്പിനും ചരിത്ര തമസ്കരണത്തെ പ്രതിരോധിക്കുന്ന തിനും വിവിധ സാംസ്കാരിക സാഹിത്യ

സ്ഥാപനങ്ങൾ ഫലപ്രദമായ കർമ്മ പരിപാടികൾ ആവിഷ്കരിച്ച വരുന്നു.

സി) അന്യം നിന്നുകൊണ്ടിരിക്കുന്ന ഗോത്ര സംസ്കൃതിയുൾപ്പെടെയുള്ളവയുടെ ബഹുസ്വരത നിലനിർത്തുന്നതിനായി സംഘടിപ്പിച്ചിട്ടുള്ള സാംസ്കാരികോത്സവങ്ങൾ ഏതെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

സി) നമ്മളൊന്നാകണമെങ്കിൽ നമ്മൾ പലതായിരിക്കണം എന്നതാണ് സാമൂഹ്യ ബഹുസ്വരതയുടെ കാതൽ. എല്ലാത്തിനെയും ഒന്നിലേയ്ക്ക് സമന്വയിപ്പിക്കാനുള്ള ശ്രമങ്ങളല്ല, വൈവിധ്യങ്ങളെ നിലനിർത്താനുള്ള ശ്രമങ്ങളാണ് സാംസ്കാരിക രംഗത്ത് പ്രധാനം. ഗോത്ര സംസ്കൃതിയടക്കം പാർശ്വവത്കരിക്കപ്പെട്ടവരായ ജനവിഭാഗങ്ങളുടെ സ്വത്വവും സംസ്കാരവും നിലനിർത്താനുള്ള ശ്രമങ്ങൾ സാംസ്കാരിക വകുപ്പിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നുണ്ട്.

പട്ടിക വർഗ്ഗ വകുപ്പിന്റെ ആഭിമുഖ്യത്തിൽ വർഷം തോറും സംസ്ഥാനത്തിലെ രണ്ടു ജില്ലകളിൽ വച്ച് നടത്തപ്പെടുന്ന പത്ത് ദിവസം നീണ്ടു നില്ക്കുന്ന 'ഗദ്ദിക' ഉൽപ്പന്ന പ്രദർശന വിപണന മേളയും നാടൻ കലാമേളയും, പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തിലെ പട്ടിക വർഗ്ഗ ജനസമൂഹങ്ങളുടെ സാംസ്കാരിക വൈവിധ്യവും ബഹുസ്വരതയും പൊതുസമൂഹത്തെ അറിയിക്കുന്നതിന്റെയും അവ നിലനിർത്തുന്നതിന്റെയും ഭാഗമായി പാരമ്പര്യ നൃത്തരൂപങ്ങളുടെ അവതരണം, പാരമ്പര്യ ഭക്ഷ്യമേളകൾ, ഗോത്ര സംസ്കൃതിയുടെ പ്രദർശനം, വംശീയ വൈദ്യ ചികിത്സാ ക്യാമ്പുകൾ, കരകൗശല ഉല്പന്നങ്ങളുടെ നിർമ്മാണം, പ്രദർശനം തുടങ്ങിയവ സംഘടിപ്പിക്കാറുണ്ട്. ചില വർഷങ്ങളിൽ കേരളത്തിലെയും മറ്റു സംസ്ഥാനങ്ങളിലേതുമായ പാരമ്പര്യ ഗോത്ര നൃത്തരൂപങ്ങളുടെയും അവതരണം പെയിന്റിംഗുകൾ,

കരകൗശലവസ്തുക്കൾ എന്നിവയുടെ നിർമ്മാണ പ്രദർശനം, വിപണനം, പാരമ്പര്യ ഭക്ഷ്യമേളകൾ, ഗോത്രസംസ്കൃതി യുടെ പ്രദർശനം വംശീയ വൈദ്യ ചികിത്സാ ക്യാമ്പുകൾ തുടങ്ങിയവ ഉൾപ്പെടുത്തിയുള്ള ഗോത്രമേളകൾ ഗോത്ര വർഗ്ഗക്കാരുടെ സാംസ്കാരിക പൈതൃകവും വൈവിധ്യവും നിലനിറുത്തുന്നതിനായി ഒരുക്കാറുണ്ട്.

സാംസ്കാരിക കാര്യ വകുപ്പ് മാർച്ച് മാസത്തിൽ അട്ടപ്പാടിയിൽ ഗോത്രവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള സാഹിത്യ ക്യാമ്പ്, 'ഗോത്ര സംസ്കൃതി'യുൾപ്പെടെ നടത്തുന്നുണ്ട്.

സെക്ഷൻ ഓഫീസർ